# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 12** **December 2016** **No.9**


# എഡിറ്റോറിയൽ

രഹസ്യം എത്ര പൂഴ്ത്തി വെച്ചാലും അതു പരസ്യമായി തീരും, എത്ര ഗൂഢമായി സൂക്ഷിച്ചാലും എങ്ങനെയെങ്കിലും അതു പുറത്തു വരും. ധാർമ്മിക മൂല്യത്തിനും സ്വഭാവ വൈശിഷ്ടത്തിനും ഇന്നുള്ള സ്ഥാനം പണ്ടുണ്ടായിരുന്നതിനേക്കാൾ എത്രയോ മടങ്ങു കുറവാണ്. ഏറ്റവും ഉയർന്ന സ്ഥാനങ്ങൾ പിടിച്ചടക്കിയിരിക്കുന്നവരുണ്ട്. അതു രാഷ്ട്രീയത്തിലും, മതത്തിലും കാണാം. ലോകത്തിൽ അറിയപ്പെടുന്ന വ്യക്തികളായാലും സാധാരണക്കാരായാലും മനുഷ്യന്റെ ജീവിതം വികാരത്തിനു അടിമപ്പെടുന്നു എന്നതു വാസ്തവമാണ്. വികാരം വിവേകത്തെ അകറ്റി കളയുന്നു. ജഡിക മനുഷ്യനിൽ അവന്റെ ജഡത്തോടു പോരാടുന്ന ഘടകത്തെ അവൻ തിരിച്ചറിയുന്നില്ല. ഏത് അകൃത്യത്തിന്റെയും പിന്നിൽ ഈ തത്വം നമുക്ക് കണ്ടെത്താൻ കഴിയും. അപകമായ ചിന്ത ഒരാളുടെ വീണ്ടു വിചാരത്തെ നിഷ്പ്രഭമാക്കി മാറ്റും. പെട്ടെന്നുണ്ടാകുന്ന ആവേശം ഒരാളുടെ വ്യക്തിത്വത്തെ തന്നെ നശിപ്പിച്ചേക്കാം.

ശൈശവ പ്രായം കടന്നു ബാല്യത്തിലേക്കു പ്രവേശിക്കുമ്പോൾ ആൺകുട്ടികളായാലും പെൺകുട്ടികളായാലും പ്രായം വർദ്ധിക്കുന്തോറും ഈ പ്രവണതയും വളർന്നു കൊണ്ടിരിക്കുന്നു. അതു അയാളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു എന്നൊക്കെ പറഞ്ഞു കേൾക്കാറുണ്ട്. എന്നു പറഞ്ഞാൽ ആ സ്വഭാവത്തിൽ നിന്നു അയാൾക്കു തിരിഞ്ഞു മാറ്റം വരുത്തുവാൻ കഴിയുന്നില്ല എന്നർത്ഥം. ന്യായോചിതമായി ചിന്തിക്കാത്തതുകൊണ്ടും വേണ്ട സമയത്ത് വേണ്ട

പ്രതിവിധി നടത്താത്തതുകൊണ്ടുമാണ് അങ്ങനെ സംഭവിക്കുന്നത്. നിയമലംഘനം അഥവാ പാപം ഒരാൾ ചെയ്യുന്നതു അയാളുടെ മോഹം നിമിത്തമാണ്. മോഹം ഒരു വികാരമാണ്. പ്രതികാരം ഒരു വികാരമാണ്. അടുക്കുവാൻ കഴിയാത്ത വികാരം ചിലരിൽ വാക്കുകളിലും തുടർന്നു പ്രവൃത്തികളിലും പ്രതിഫലിപ്പിക്കും. അനന്തര ഫലത്തെ കുറിച്ച്, അതുകൊണ്ടുണ്ടാകാവുന്ന നഷ്ടത്തെ കുറിച്ച് അപ്പോൾ ചിന്തിക്കുകയില്ല. അഗ്നി കണ്ട് ആകർഷിക്കപ്പെട്ടു നശിച്ചു പോകുന്ന മിന്നാമിനുങ്ങിന്റെ അനുഭവം സ്വീകരിക്കുന്ന എത്രയോ പേർ ഉണ്ട്. ഇതിൽ നിന്നുള്ള മോചനം എങ്ങനെ സാദ്ധ്യമാകും? ദൈവത്തിന്റെ ഉപദേശങ്ങളിലേക്കു ശ്രദ്ധ തിരിക്കണം.

ലോകത്ത് ജീവിക്കുന്ന ആളുകളിൽ ഭൂരിഭാഗം പേരും വികാരജീവികളാണ് എന്നു പറയപ്പെടുന്നത്. ജഢത്തിൽ ജീവിക്കുന്ന മനുഷ്യർ ബലഹീനരാണ് എന്ന് ഓർക്കുക. നമ്മുടെ വികാരത്തെ മുറപ്പെടുത്തുന്ന സംഭവങ്ങൾ ആരിൽനിന്നുണ്ടായാലും ആ വ്യക്തിയോട് പകരം വീട്ടുവാനുള്ള പ്രവണത മാനുഷികമാണ്. കാണപ്പെടുന്ന മനുഷ്യരോട് നാം ചെയ്യുന്ന പ്രവൃത്തികൾ ദൈവത്തോടാണ് ചെയ്യുന്നത് എന്ന ഓർമ്മ എല്ലാവരിലും വേണം. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അത് കർത്താവായ യേശുവിന്റെ അധികാരത്തിൽ വേണം ചെയ്യുവാൻ. നമ്മുടെ സ്വന്തം ഇഷ്ടപ്രകാരം ഓരോന്ന് പറയുകയും പ്രവത്തിക്കുകയും ചെയ്യുന്നത് ദൈവത്തിന് ഇഷ്ടമാകുകയില്ല എന്നു മാത്രമല്ല നാം ദൈവകോപത്തിന് ഇരയായി തീരുകയും ചെയ്യും. അനുസരണം കെട്ടവരുടെ മേലാണ് ദൈവത്തിന്റെ കോപം വരുന്നത്. മോഹഭംഗമോ നമ്മുടെ ന്യൂനതയോ നമ്മെ ക്ഷുഭിതരാക്കിയേക്കാം. ഒരു യുവാവ് ഒരു യുവതിയോട് വിവാഹാഭ്യർത്ഥന നടത്തുകയും ആ പെൺകുട്ടി അതു നിരസിക്കുകയും ചെയ്തതുകൊണ്ട് ആ പെൺകുട്ടിയോട് ആ യുവാവ് പ്രതികാരം ചെയ്തു എന്നു വിചാരിക്കുക. അത് അവനു പലതും നഷ്ടമാക്കും എന്നു സ്പഷ്ടം.

ക്ഷമയും സഹിഷ്ണുതയുമാണ് ഏതൊരാൾക്കും ആവശ്യം. അതിന് ആരായാലും ദൈവത്തിലും അവന്റെ വചനത്തിലും വിശ്വസിക്കുകയും പാപങ്ങളിൽനിന്നു പൂർണ്ണമായും തിരിഞ്ഞ് യേശു ദൈവത്തിന്റെ പുത്രനാണെന്ന് മനുഷ്യരുടെ മുൻപിൽ ഹൃദയപൂർവ്വം ഏറ്റു പറഞ്ഞ് പാപമോടനത്തിനായി സ്നാനമേൽക്കുകയും ചെയ്യുമ്പോൾ കർത്താവ് അത്തരക്കാരെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും.

# അവൻ എന്തായി തീരും?

## ബെറ്റി ബർട്ടൻ ചോട്ട്

റാഹേൽ തന്റെ കിടക്കയിൽ ചരിഞ്ഞു കിടന്നുകൊണ്ടു അവളുടെ പൊന്നോമന കുഞ്ഞിനെ മതിവരാതെ നോക്കിക്കൊണ്ടിരുന്നു, ഈ ഭംഗിയുള്ള കുഞ്ഞ് അവൾക്കും അവളുടെ ഭർത്താവായ അന്ത്രയോസിനും ജനിച്ചതാണെന്നു വിശ്വസിക്കാൻ പ്രയാസം. അവർ അതിനെ സൂക്ഷിച്ചു വളർത്തി സംരക്ഷിക്കയും പഠിപ്പിക്കയും ജീവിതത്തിലെ എല്ലാ വഴികളിലും നയിക്കയും വേണം. അവൻ പെട്ടെന്ന് ഉറങ്ങി. അപ്പോഴുള്ള അവന്റെ നിസഹായതയെ കുറിച്ചുള്ള മാതൃ ചിന്ത ഉണർന്നു. അവർ കുഞ്ഞിനു പേരിട്ടിരിക്കുന്നതു തിമൊഥെയോസ് എന്നാണ്. ഞാൻ നിന്നെ വളരെ ശ്രദ്ധിച്ചു വളർത്തും റാഹേൽ മന്ത്രിച്ചു. എന്റെ കുഞ്ഞിനു ഒന്നും സംഭവിക്കാതിരുന്നാൽ മതി. ഒരമ്മയുടെ വാത്സല്യം അവനു മുഴുവൻ പകർന്നു കൊടുക്കണം എന്ന ചിന്തയായിരുന്നു അവളിൽ.

അവളുടെ മനസ് ഉടനെ മറ്റു കുട്ടികളിലേക്കു തിരിഞ്ഞു. കൊച്ചു കുട്ടികൾ സ്കൂളിലേക്കു ഓടി പോകുന്നതും ഓടിച്ചാടി കളിക്കുന്നതും എല്ലാം മനസിലൂടെ കടന്നു പോയി. ബാല്യം കടന്നു കൗമാരത്തിൽ എത്തി പിന്നെ യൗവനത്തിലേക്ക് പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന രൂപവ്യത്യാസം, വിവാഹം എന്നിവ വരെ എത്തി. പിന്നെ തന്റെ കുഞ്ഞിന്റെ വളർച്ചയെയും വളർന്നു വിവാഹിതനാകുന്നതും എല്ലാം അവൾ ഊഹിച്ചു. അവൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഒരു പുതിയ കുടുംബ ജീവിതത്തിലേക്കു തിരിയുന്നതിനെ കുറിച്ചും അവൾ ആലോചിച്ചു. അവന്റെ പ്രാധാന്യത്തെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചല്ല, മറിച്ച് അവൻ ഭാവിയിൽ എന്തായി തീരും? അവന്റെ വ്യക്തിത്വം എന്തായിരിക്കും എന്നു അവൾ ഒരു നിമിഷം ചിന്തിച്ചു. അവൻ ആത്മീയമായി എന്തായി തീരും എന്ന ചോദ്യം അവളുടെ തലയിൽ ഉയർന്നു കേട്ടു. ലോകത്തിൽ പലരും കുഞ്ഞുങ്ങളുടെ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധിക്കാതെ ശാരീരികവും ലൗകികവുമായവയിൽ ശ്രദ്ധിക്കുന്നു.

അവൾ വീണ്ടും തന്റെ കുഞ്ഞിലേക്കു കണ്ണുകൾ തൊടുത്തു വിട്ടു. ഞാൻ കാണുന്ന ഒരു കൊച്ചു ശരീരം മാത്രമല്ലല്ലൊ അവൻ. അവനിൽ ഒരാത്മാവുണ്ടല്ലോ. ആ ആത്മാവ് എന്നേക്കും വസിക്കുന്ന ഒന്നാണല്ലൊ. വിവാഹ ശേഷം അവർ രണ്ടുപേരും മതപരമായ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല. തങ്ങൾ ചെറുപ്പമാണ്, ഒരുപാട് കാര്യങ്ങൾ ജീവിതത്തിൽ ചെയ്തു തീർക്കാനുണ്ട്. സമയം വളരെ കുറവും ആണുള്ളത്. ദൈവത്തിന്റെ ആവശ്യം തന്നെ അവർക്ക് തോന്നിയില്ല. കുഞ്ഞിനെ ദൈവികമായി എങ്ങനെ വളർത്താമെന്ന ചിന്ത അവളിൽ കടന്നുവന്നു. ചില കുട്ടികൾ അവരുടെ മാതാപിതാക്കൾക്കൊപ്പം ദൈവത്തെ ആരാധിക്കുന്നതിനും മറ്റും പോകുന്നതു അവൾ ശ്രദ്ധിച്ചിട്ടുണ്ട്.

അന്ത്രെയോസ് വന്നപ്പോൾ റാഹേലിന്റെ മുഖം മ്ലാനമായിരിക്കുന്നതു കണ്ടു കാരണം അന്വേഷിച്ചു. അതിനു അവൾ പറഞ്ഞത്: നമ്മുടെ കുട്ടിയെ നാം ദൈവ വഴിയിൽ നടത്തിയില്ലെങ്കിൽ അവന്റെ ഭാവി എന്തായി തീരും എന്നതാണ് എന്റെ ചിന്ത. അപ്പൻ എന്ന നിലയിൽ നിങ്ങളും അമ്മ എന്ന നിലയിൽ ഞാനും അവന്റെ ആത്മാവിനെ കുറിച്ച് ശ്രദ്ധിച്ചില്ലെങ്കിൽ നഷ്ടപ്പെട്ടു പോകാനാണ് സാദ്ധ്യത എന്നും ന്യായവിധി നാളിൽ നമ്മൾ എല്ലാവരും ദൈവ സന്നിധിയിൽ നിൽക്കേണ്ടതല്ലേ എന്നും അവൾ ചോദിച്ചു. ഇപ്പോഴാണല്ലോ നാം അതിനെ കുറിച്ച് തീരുമാനിക്കേണ്ടത്. ഇല്ലെങ്കിൽ പിന്നെ അവസരം കിട്ടിയില്ലെങ്കിലോ?

അന്ത്രെയോസ് അതു ശരിയാണെന്നു സമ്മതിച്ചു. വിവാഹ ശേഷം നാം ദൈവത്തെ ആരാധിക്കയോ വേണ്ട വിധം പ്രാർത്ഥിക്കയോ ചെയ്യാതെ നാം ദൈവത്തെ ഉപേക്ഷിക്കയാണ് ചെയ്തത്. അതിനു വ്യത്യാസം വരുത്തണം. നാം നമ്മുടെ മകനെ സ്നേഹിക്കുന്നതു പ്രയോജനപ്പെടണം. അടുത്ത ഞായറാഴ്ച മുതൽ നമുക്കു പള്ളിയിൽ പോകണം എന്നവർ ഉറച്ചു. പക്ഷെ ഏതു പള്ളിയിലാണ് പോകേണ്ടത് എന്നതു ഒരു ചോദ്യമായി അവശേഷിച്ചു. ശരിയായ പരിജ്ഞാനപ്രകാരം വേണം അവനെ വളർത്തുവാൻ. അതിനെന്താണ് മാർഗ്ഗം എന്നവർ ആലോചിച്ചു. അവസാനം നല്ല രണ്ടു ബൈബിൾ വാങ്ങി പരിശോധിച്ച് ഏറ്റവും നല്ലത് ഏതെന്നു കണ്ടു പിടിക്കാം; അതനുസരിച്ച് ജീവിതത്തെയും ക്രമപ്പെടുത്താം എന്ന്

അവർ തീരുമാനിച്ചു. വിശ്വാസവും ജീവിതവും ദൈവ സന്നിധിയിൽ സ്വീകാര്യമാക്കുവാൻ അതു കൂടിയേ തീരൂ. അതല്ലാതെ സത്യം അറിയുവാൻ വേറെ ഒരു വഴിയുമില്ല.

★

# പേരിൽ എന്തിരിക്കുന്നു?

## ഗ്യാരി. സി. ഹാമ്ടൺ

നൂറു കണക്കിനു വ്യത്യസ്തമായ സമൂഹങ്ങൾ വിവിധ പേരുകളാൽ നാമധേയ വിഭാഗങ്ങളായി, അനേക നാമങ്ങളാൽ തരംതിരിച്ചിരിക്കയാണ്. ടെലഫോൺ ഡയറക്ടറി നോക്കിയാൽ പോലും അസംഖ്യം വിഭാഗങ്ങളുടെ പേർ കണ്ടെത്താം. ദൈവ സഭ, എപ്പിസ്കോപ്പൽ, ലൂഥറൻ, ബാപ്റ്റിസ്റ്റ്, ബൈബിൾ ചർച്ച്, ചർച്ച് ഓഫ് ക്രൈസ്റ്റ്, പ്രെസ്ബിറ്റേറിയൻ, ശാബത്ത് മിഷൻ, കത്തോലിക്കാ, യാക്കോബ്, യെഹോവാ സാക്ഷികൾ, പെന്തെകൊസ്തു മിഷൻ, ബൈബിൾ ഫെയ്ത്ത് മിഷൻ, ഫുൾ ഗോസ്പൽ ചർച്ച്, മാർത്തോമാ ചർച്ച് എന്നു തുടങ്ങി ധാരാളം പേരുകൾ ഇന്നു അറിയപ്പെടുന്നുണ്ട്. ചിലതെല്ലാം ബൈബിളിൽ ഉള്ളതും അധികവും തിരുവെഴുത്തിൽ കാണാത്തതും അത്രെ. ദൈവത്താൽ വിളിക്കപ്പെട്ടവരും അല്ലാത്തവരും എന്ന് ഇതിനെ നമുക്കു വേർതിരിക്കാം. നാം സ്വീകരിച്ചിരിക്കുന്ന പേരിനു വല്ല മാഹാത്മ്യവുമുണ്ടോ? മതരപരമായി സഭ എന്തു പേരിലാണ് അറിയപ്പെടേണ്ടത്?

ബൈബിളിൽ കൊടുത്തിരിക്കുന്ന പേരുകൾക്കെല്ലാം വളരെ പ്രാധാന്യം ഉണ്ട്. അബ്രാം എന്ന വാക്കിനു വിശിഷ്ട പിതാവ് എന്നർത്ഥം. പിന്നീട് ദൈവം ആ പേർ മാറ്റി അബ്രഹാം എന്നാക്കി. അർത്ഥമോ ബഹുജാതികളുടെ പിതാവ് എന്നത്രെ (ഉല്പത്തി 17:1-8). സാറായി എന്ന വാക്കിനു എന്റെ രാജകുമാരി എന്നർത്ഥം. എന്നാൽ ദൈവം അവളുടെ പേർ സാറാ എന്നാക്കി. അതിന്റെ അർത്ഥം, ബഹുജാതികളുടെ രാജകുമാരി എന്നാണ് (ഉല്പത്തി 17:15-16). വാഗ്ദത്ത സന്തതിയായ ഇസഹാക്ക് ജനിക്കുമ്പോഴാണ് പേരു മാറ്റത്തിന്റെ പ്രസക്തി നാം തിരിച്ചറിയുന്നത്. ഇസഹാക്കിനും അവന്റെ

പിൻഗാമികൾക്കും ദൈവം നൽകിയ പുതിയ പേരുകൾ അവർ മുഖാന്തരം ഭൂമിയിലെല്ലാം വ്യാപിച്ചു. ഏശാവിന്റെ സഹോദരൻ യാക്കോബ് എന്ന പേരിനു കുതികാൽ പിടിക്കുന്നവൻ, പകരം അവരോധിക്കപ്പെട്ടവൻ എന്നാണ് സാരം. ദൈവ ദൂതനോട് മല്ലിട്ടു ജയിച്ച രാത്രിയിൽ അവന്റെ പേർ ദൈവം ഇസ്രായേൽ എന്നു മാറ്റി. അതിന്റെ അർത്ഥം ദൈവത്തോടു മല്ലിട്ടവൻ എന്നത്രെ (ഉല്പത്തി 32:22-32). ശീമോൻ എന്ന വാക്കിനു കേൾക്കുന്ന എന്നർത്ഥമായിരുന്നു. യേശു അവന്റെ പേർ, ഒരു ചെറിയ കല്ല് എന്നർത്ഥം വരുന്ന പത്രൊാസ് എന്നു മാറ്റി (യോഹന്നാൻ 1:40-42).

ശാഠ്യക്കാരായ ഇസ്രയേൽ ജനത്തോടു ഇടപെടുമ്പോൾ ദൈവം, ഹോശേയാവിനോടു ദേശത്തിലെ വിഗ്രഹാരാധികളായ മ്ളേഛത പ്രവർത്തിക്കുന്നവരിൽ നിന്നു ഒരു സ്ത്രീയെ ഭാര്യയാക്കി എടുക്കുവാൻ ആവശ്യപ്പെട്ടു. അവളുടെ രണ്ടാമത്തെ മകൾ വ്യഭിചാരത്തിൽ ഗർഭിണിയായി ഒരു പെൺകുട്ടിയെ പ്രസവിച്ചു. അവൾക്കു രൂഹ്മ-കരുണ ലഭിക്കാത്തവൾ എന്നു പേരിട്ടു. ദൈവം ഇസ്രായേൽ ഗൃഹത്തോടു കരുണ കാണിക്കയില്ല എന്നർത്ഥം. അടുത്ത കുട്ടി ആൺകുട്ടിയായിരുന്നു. അവനു ലോ-അമ്മി എന്നു പേരിട്ടു അതിനർത്ഥം എന്റെ ജനമല്ലാത്തവൻ എന്നത്രെ. ഇസ്രായേൽ ജനത്തിന്റെ മത്സര ബുദ്ധിയും ശാഠ്യവും നിമിത്തം ദൈവം വിഷമിച്ചു. അങ്ങനെ അവൻ പറഞ്ഞു. നിങ്ങൾ എന്റെ ജനമല്ല, ഞാൻ നിങ്ങളുടെ ദൈവവുമല്ല (ഹോശെയ 1:1-9).

മഹത്തായ ശ്രേഷ്ഠ നാമങ്ങൾ നമ്മുടെ കർത്താവിനായി സൂക്ഷിച്ചിരുന്നു. ദൈവദൂതൻ യോസേഫിനു പ്രത്യക്ഷനായി പറഞ്ഞതു: അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു (മത്തായി 1:21). യെശയ്യാവ് 7:14 ഉദ്ധരിക്കയുമുണ്ടായി. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും". ദൈവത്തിന്റെ അഭിഷിക്തനാകയാൽ അവനെ ക്രിസ്തു എന്നു വിളിച്ചിരുന്നു. അവൻ നമ്മെ വിലെക്കു വാങ്ങി വീണ്ടെടുത്ത പരമാധികാരിയായിരിക്കയാൽ നാം അവനെ നമ്മുടെ കർത്താവ് എന്നു വിളിക്കുന്നു (റോമർ 7:24-25; 1

കൊരിന്ത്യർ 6:19–20). നമ്മുടെ രക്ഷക്കായി നാം വായ് കൊണ്ടു യേശുവിനെ കർത്താവു എന്നു ഏറ്റു പറയണം എന്നു കല്പിച്ചിരിക്കുന്നു (റോമർ 10:9–10). ഈ മുൻപറഞ്ഞ നാമധേയ വിഭാഗക്കാർ എല്ലാം തന്നെ യേശുവിനെ ദൈവ വചനത്തിൽ സൂചിപ്പിച്ചിരിക്കുന്ന പേരുകൾ മാത്രമെ വിളിക്കുന്നുള്ളൂ എന്നതു ആശ്വാസകരം.

ദൈവത്തിന്റെ അരുളപ്പാട് എന്തെന്നാൽ, സീയോനെ കുറിച്ചു, ഞാൻ മിണ്ടാതെ ഇരിക്കയില്ല, യെരുശലേമിനെ കുറിച്ച് ഞാൻ അടങ്ങിയിരിക്കയുമില്ല; അതിന്റെ നീതി പ്രകാശം പോലെയും അതിന്റെ രക്ഷ, കത്തുന്ന വിളക്കു പോലെയും വിളങ്ങി വരുവോളം തന്നെ (യെശയ്യാവ് 62:1–2). ആ കാലത്തു ജാതികളും മറ്റു ദേശക്കാരും കർത്താവിന്റെ നീതിയെ കാണും. ദൈവ ജനത്തിനു ഒരു പുതിയ പേർ വിളിക്കും. പുതിയ നിയമ കാലഘട്ടത്തിലെ ചരിത്രം നോക്കിയാൽ അന്ത്യോക്യയിലാണ് ആദ്യത്തെ നാമം വിളിക്കപ്പെടുന്നത് എന്നു കാണാം. യെഹൂദന്മാരും ഗ്രീക്കുകാരും ഉൾപ്പെട്ട ഒന്നായിരുന്നു അത്. അവിടെ വെച്ചാണ് കർത്താവിന്റെ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ വിളിക്കപ്പെട്ടത് (പ്രവൃത്തി 11:26).

ക്രിസ്തുവിന്റെ സഭയ്ക്കു ദൈവം വിളിച്ചിരിക്കുന്ന പേരല്ലാതെ മറ്റൊന്നു സ്വീകരിക്കുന്നതെന്തിന്? സഭ ക്രിസ്തുവിന്റെ ശരീരമാണെന്നോർമ്മിക്കുക (എഫെസ്യർ 1:22–23). ക്രിസ്തുവിന് നമ്മെ പോലെ ഒരു ശരീരമാണുള്ളത് (എഫെസ്യർ 4:4). നമ്മിൽ ആരെങ്കിലും തലയെ ഒരു പേരിലും ശരീരത്തെ മറ്റൊരു പേരിലും അറിയപ്പെടാൻ ആഗ്രഹിക്കുമോ? അതുപോലെ, സഭ എന്നതു ക്രിസ്തുവിന്റെ മണവാട്ടിയാണ് എഫെസ്യർ 5:22–23). തന്റെ ഭാര്യ വേറൊരു ആളുടെ പേരിൽ അറിയപ്പെടുന്ന ഭർത്താവ് ഉണ്ടോ? പരിശുദ്ധാത്മാവിനെ അയച്ച പിതാവും പുത്രനും ഈ കാര്യത്തിൽ ഐകമത്യപ്പെട്ടു രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. സഭ (പ്രവൃത്തി 2:47; കൊലൊസ്യർ 1:18). ക്രിസ്തുവിന്റെ സഭകൾ (റോമർ 16:16). ക്രിസ്തുവിന്റെ ശരീരം എന്നും വിളിച്ചിട്ടുണ്ട് (റോമർ 12:4–5). ദൈവാനുവാദമില്ലാതെ ദൈവത്തിന്റെ സഭയ്ക്കു പേരിടുവാൻ ദൈവം ആരെയും അധികാരപ്പെടുത്തിയിട്ടില്ല.

# അതു കാൽവരിയിൽ സംഭവിച്ചു

## ജോണി രാംസെ

വളരെക്കാലം മുൻപ് ദൂരെ സംഭവിച്ച കാര്യങ്ങൾ ഓരോ ദിവസവും എന്നെ ഓർമ്മിപ്പിക്കയുണ്ടായി. അതിന്റെ ശക്തിയും മനോഹാരിതയും എപ്പോഴും എന്റെ മനസ്സിൽ പുതുമയോടെ നിലനിന്നിരുന്നു. എന്റെ രക്ഷകൻ കാൽവരി ക്രൂശിലെ ഭീഷണി ഏറ്റുവാങ്ങി ഏകനായി മരിച്ചതു എനിക്കുവേണ്ടിയായിരുന്നു. ആ സ്മരിക്കപ്പെടേണ്ട സന്ദർഭം, നമുക്കു ലഭിക്കുവാനുള്ള പ്രത്യാശ നിത്യമാക്കി തീർത്തു. യേശുവിന്റെ ക്രൂശിലെ മരണത്തിനല്ലാതെ മറ്റൊന്നിനും അതിനു മുൻപോ പിൻപോ മനുഷ്യ ജീവിതത്തെയോ ലക്ഷ്യത്തെയോ മാറ്റുവാൻ കഴിഞ്ഞില്ല. ഇതു വ്യക്തിപരമായി ഓരോരുത്തർക്കും അനുഭവപ്പെടേണ്ടതിനുള്ള പ്രവർത്തിയായിരുന്നു. അതുകൊണ്ടു നമുക്കു നമ്മുടെ യജമാനനോടു ഭക്തിയും നന്ദിയും ഉണ്ടാകണം. ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഒരു സംഭവമായിരുന്നു അത്.

ഒരു സുവിശേഷ ഗാനത്തിൽ ഈ രംഗത്തെ ചിത്രീകരിക്കുന്നതു നമ്മെ ചിന്തിപ്പിക്കും. അവനെ ജനക്കൂട്ടം നിന്ദിക്കുമ്പോൾ ഞാൻ അവിടെയില്ലായിരുന്നു. അവനെ ലജ്ജാപാത്രമായി നടത്തിക്കൊണ്ടു പോയപ്പോൾ ക്രൂശ് ചുമപ്പാൻ ഞാൻ നിർബന്ധിച്ചില്ല. ദൈവത്തിന്റെ ഏക പുത്രനെ വേദനിപ്പിക്കുവാൻ ഒരൊറ്റ കാര്യവും ചെയ്യാൻ കഴിഞ്ഞില്ല. എന്നാൽ ഞാൻ ഭൂമിയിൽ ഓരോ സമയവും പാപം ചെയ്യുമ്പോൾ, "അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക" എന്നു ആർത്തു വിളിച്ചത് ഞാനായിരുന്നു എന്ന തോന്നൽ എനിക്കുണ്ടാകുന്നു. അവന്റെ ക്രൂശിനെ ഉയർത്തിയത് ഞാൻ നിമിത്തമല്ലേ? അവന്റെ ക്രൂശിന്റെ ഭാരം വർദ്ധിപ്പിച്ചതു ഞാൻ കാരണമായിരുന്നു. ഞാൻ, അവൻ മരിക്കുന്നത് നോക്കിയിരിക്കയായിരുന്നോ? എന്താണ് ഞാൻ ചെയ്തത്? ഞാൻ, ഞാൻ തന്നെ കാരണം. ഈ വരികളിൽ ഗാനരചയിതാവു സ്വന്തം അപരാധങ്ങളെ കണ്ടെത്തുകയാണ്. മറ്റുള്ളവരുടെ തെറ്റുകൾ കണ്ടെത്തുവാൻ നിഷ്പ്രയാസം കഴിയും. സ്വന്തം ബലഹീനതകൾ കണ്ടെത്തുന്നതാണ് വിവേക ബുദ്ധി.

ആ വേദനാജനകമായ ദിവസം ദൈവ സ്നേഹമാണ് പ്രകാശിതമായത്. ദൈവ നീതിയും അവന്റെ കരുണയും പ്രദർശിപ്പിച്ചത് എത്ര പേർക്കു തിരിച്ചറിയാൻ കഴിഞ്ഞു എന്നതാണ് പ്രശ്നം. പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം ചെയ്യുകയാണ് അപ്പൊസ്തലനായ പൗലോസ് (2 കൊരിന്ത്യർ 9-15). അപ്രമേയമായതാകാൻ കാരണം അതു ദൈവിക പ്രവർത്തിയായതിനാലാണ്. യേശു നമുക്കു വേണ്ടി മരിച്ചു എന്നു പറഞ്ഞാൽ നമ്മുടെ അകൃത്യങ്ങൾ നിമിത്തം എന്നർത്ഥം. പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏൽപ്പിച്ചുകൊടുത്തവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ (ഗലാത്യർ 1:3-4). അവൻ ക്രൂശിലെ മരണത്തോളം അനുസരണം ഉള്ളവനായി തീർന്നു (ഫിലിപ്പിയർ 2:8). നമ്മെ വീണ്ടെടുക്കേണ്ടതിനു അവൻ രക്തം ചിന്തി (റോമർ 5:9). കാൽവരിയിൽ ശുദ്ധീകരണത്തിനുള്ള മാർഗ്ഗം തുറന്നപ്പോൾ മനുഷ്യനിലെ പാപത്താലുള്ള അശുദ്ധിയിൽ നിന്നു രക്ഷപ്പെടുവാനുള്ള സാഹചര്യം ഉണ്ടായി. പ്രത്യാശയുടെ പ്രകാശ രശ്മി തെളിഞ്ഞു കണ്ടു (വെളിപ്പാട് 1:5).

നഷ്ടപ്പെട്ട മനുഷ്യർക്കു അന്നു നടന്ന ക്രൂശിലെ യേശുവിന്റെ മരണം, ജീവിതത്തിലെ മഹത്തായ നേട്ടമായി നാശത്തിന്റെയും നിരാശയുടെയും പടുകുഴിയിൽ കിടന്നവർക്കു രക്ഷപ്പെടുവാനുള്ള ഒരു സ്വർഗ്ഗീയ വിളിയായി മാറിയിരുന്നു അത്. സ്വന്തം വീട്ടിൽ സുഭിക്ഷത അനുഭവിച്ചയാൾ പുറത്തുപോയി അകൃത്യത്തിൽ ജീവിച്ചു പന്നികൾക്കിടയിൽ കഴിയേണ്ടി വന്നു. എന്നാൽ അവൻ തിരിച്ചു വീട്ടിലേക്കു വന്നപ്പോൾ ആ പിതാവ് അവനെ ഓടിച്ചെന്നു ആശ്ലേഷിച്ചു (ലൂക്കോസ് 15:11-31). ഒരിക്കൽ എല്ലാവർക്കുമായി മരിക്കാൻ നിർബന്ധിതനായ ക്രിസ്തുവാണ് നമുക്ക് തിരിച്ചു ദൈവ ഭവനമാകുന്ന അവന്റെ സഭയിലേക്ക് പ്രവേശിക്കുന്നതിനു അവസരം ഒരുക്കിയത് (2 കൊരിന്ത്യർ 5-14). അതു നമ്മെ തികവുള്ള, ധനികമായ, ഉദ്ദേശ ശുദ്ധിയുള്ള, നന്ദിയുള്ള അനുസരണ ജീവിതം നയിക്കാൻ ഉപയുക്തമായി. അതു വീണ്ടും നിഷേധിക്കുക എന്നു പറഞ്ഞാൽ

കിട്ടിയ സൗഭാഗ്യത്തെ വലിച്ചെറിയുക എന്നാണർത്ഥം.

പാപം നിമിത്തം നിങ്ങളുടെ തകർന്ന ജീവിതത്തിലേക്കു ക്രിസ്തുവിനെ കൊണ്ടു വരാൻ ശ്രമിക്കുക. അവൻ നിങ്ങളെ പുതിയ സൃഷ്ടിയാക്കും. നിങ്ങളെ പുതുക്കി പണിയും. നിങ്ങൾ പാഴാക്കിയ ശൂന്യമായ വർഷങ്ങൾ പോകട്ടെ. അതിനുപകരം പ്രയോജനപ്രദമായ അനുഗ്രഹവർഷങ്ങൾ ലഭ്യമാകട്ടെ. അവനു മാത്രമെ നിങ്ങളെ യഥാസ്ഥാനപ്പെടുത്താൻ കഴിയൂ. നിങ്ങളുടെ അകൃത്യങ്ങളെ അവൻ ക്ഷമിക്കും. അതു ഒരിക്കൽ ക്ഷമിച്ചാൽ പിന്നീട് ഓർക്കയില്ല, കർത്താവിന്റെ ദയയും മനസലിവും കരുണയും കാഴ്ച്ചയാക്കിയതു വെറുതെ കളയാതിരിക്കുക. നിങ്ങൾ മനസുവെച്ചാൽ ദൈവം നിങ്ങൾക്കായി പ്രവർത്തിക്കും. കാൽവരിയിലെ ക്രിസ്തുവിങ്കലേക്കു നോക്കുക. നിങ്ങളുടെ ഭാരങ്ങൾ വഹിച്ച നാഥനെ നിങ്ങൾക്കു കാണാം. പക്ഷെ നിങ്ങളുടെ ഉൾക്കണ്ണു തുറന്നാൽ മാത്രമെ ഇതു കാണുവാൻ സാധിക്കൂ.

✶

# ദുരഭിപ്രായത്തെ നിരസിക്കൽ

## ഗ്ലെൻ കോളെ

ദുരഭിപ്രായത്തെ കുറിച്ചുള്ള ഒരു സംഭാഷണം യോഹന്നാൻ നാലാം അദ്ധ്യായത്തിൽ നമുക്കു കാണാം. ശമര്യക്കാരി സ്ത്രീയിൽ അതിന്റെ ജാള്യത അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടാണ് അവൾ ചോദിക്കുന്നത്: യെഹൂദനായിരിക്കുന്ന നീ, ശമര്യക്കാരിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നുവോ എന്ന്. യെഹൂദന്മാർ ശമര്യക്കാരുമായി യാതൊരു സമ്പർക്കവും പുലർത്തിയിരുന്നില്ല (യോഹന്നാൻ 4:9).

ശമര്യക്കാരെ സങ്കര വർഗ്ഗക്കാരായിട്ടാണ് അറിയപ്പെടുന്നത്. പകുതി യെഹൂദനും പകുതി അശൂര്യനും ആയിട്ടുള്ള സങ്കര വർഗ്ഗമായിരുന്നു അവർ. 700 വർഷങ്ങൾക്കു മുമ്പ് അശൂര്യരാൽ പാർപ്പിക്കപ്പെട്ടതാണ് അവരെ ഇവിടെ (2 രാജാക്കന്മാർ 17:6; എബ്രാ 5:1-10).

അവർ പൊതുവായി ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ അംഗീകരിച്ചിരുന്നു. അവരുടെ പ്രതീക്ഷ, മശിഹ വരുമ്പോൾ യെരുശലേമിൽ അല്ല, ശമര്യയിൽ കേന്ദ്രീകരിച്ചു വാഴ്ച്ച നടത്തും എന്നായിരുന്നു.

ദുരഭിപ്രായത്തിന്റെ ഫലമായി ഉണ്ടാകാവുന്ന അനിഷ്ടത്തിന്റെ യാതൊരു ലക്ഷണവും യേശു കാണിച്ചില്ല. അവൻ അവളോടു ദയാപൂർവ്വം സംസാരിച്ചു. ചിലപ്പോൾ കർശനമായും സംസാരിക്കയുണ്ടായി. അവൻ സർവ്വ മനുഷ്യരുടേതെന്നപോലെ അവളുടെയും മശിഹ ആണെന്നു അവൻ വ്യക്തമാക്കി. മനുഷ്യരുടെ തടസങ്ങൾ ഒന്നും അവൻ ഗണ്യമാക്കിയതേയില്ല. പത്രൊസ് ഇതു മനസിലാക്കി സത്യം തുറന്നു പറയുന്നുണ്ട്. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. ജാതിവ്യത്യാസം, വർഗ്ഗവ്യത്യാസം എന്നിവയൊന്നും കർത്താവ് കണക്കാക്കുകയില്ല. ഏതു ജാതിയായാലും ഏതു ദേശത്തായാലും അവനെ ഭയപ്പെട്ടു. അവന്റെ കല്പനകൾ അനുസരിക്കുന്നവരെ അവൻ കൈക്കൊള്ളും (പ്രവൃത്തി 10:;34-35).

വർഗ്ഗത്തിന്റെയും ജാതിയുടെയും പേരിൽ ജോലി സംവരണം നടന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങൾ ചിലതുണ്ട്. വകഭേദം ഇല്ലാതാക്കാൻ വകഭേദം പ്രവർത്തിക്കുന്ന സ്ഥിതിയാണിത്. താഴ്ന്ന വരുമാനത്തിൽ കിടക്കുന്നവരെ ഉയർത്തിക്കൊണ്ടു വരുവാൻ ശ്രമിക്കുകയാണ്. ഫലമോ വൈരുദ്ധ്യങ്ങൾ തുടരുന്നു എന്നതാണ്. യോഗ്യതയുള്ളവരെ പുറന്തള്ളി, യോഗ്യതയില്ലാത്തവരെ ഓരോ സ്ഥാനങ്ങളിൽ ഇരുത്തുമ്പോൾ ശരിയായ പ്രവർത്തനം ഒരിക്കലും ഉണ്ടാകയില്ല. എന്നാൽ നാം ചെയ്യുന്ന ഏതൊരു പ്രവർത്തിയായാലും അതിൽ നിന്നുണ്ടാകുന്ന ഫലത്തെക്കുറിച്ച് ബോധവാന്മാരാകണം. വ്യക്തികളുടെ കഴിവുകൾ കണ്ടെത്തി പരമാവധി ഉപയോഗിക്കുവാൻ അവസരം കൊടുക്കണം. നല്ല അദ്ധ്വാനത്തിനു നല്ല പ്രതിഫലം കൊടുക്കുകയും വേണം. സമ്പ്രദായങ്ങളും ദുരഭിപ്രായങ്ങളും പലരെ അടിച്ചമർത്തിയിട്ടുണ്ട്. ഉച്ചനീചത്വങ്ങൾ സമൂഹത്തിൽ നിന്നു ദൂരീകരിക്കണം. മനുഷ്യരുടെ ഹൃദയങ്ങളിൽ നിന്നു തന്നെ തുടച്ചു നീക്കേണ്ട ഒന്നാണിത്.

ഈ വിഷയങ്ങളിൽ യേശുക്രിസ്തു ഇന്നും ചിന്തിക്കുന്നത് ഒരേ വിധത്തിൽ, പാപത്തെ സംബന്ധിച്ച ദുരഭിപ്രായങ്ങൾ പരിഹരിക്കു

വാനുള്ള ഏതാനും നിർദ്ദേശങ്ങൾ സ്വയം ഉൾക്കൊള്ളുക. മനുഷ്യർ നമ്മോടു ചെയ്യണമെന്ന് ആഗ്രഹിക്കുന്നത് നാം അവരോട് ചെയ്യണം എന്ന തത്വം നാം മറക്കരുത്.

ദയാപ്രമാണം നിങ്ങളുടെ നാവിൽ സൂക്ഷിക്കുക. സദൃശവാക്യങ്ങൾ 31-ാം അദ്ധ്യായം 26-ാം വാക്യത്തിൽ സൽഗുണമുള്ള സ്ത്രീയെപ്പറ്റി വിവരിക്കുന്നുണ്ട്. ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്. നിങ്ങൾ തമ്മിൽ ദയയും മനസലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:32). സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല: സ്നേഹം നിഗളിക്കുന്നില്ല (1 കൊരിന്ത്യർ 13:4).

ദൈവ കല്പനകൾ പ്രായോഗികമാക്കുക. ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക. നമ്മുടെ സ്വഭാവത്തെ ദൈവിക സ്വഭാവമാക്കി മാറ്റുക.

എല്ലാവരോടും ആത്മാർത്ഥത കാണിക്കുക. ആർക്കും തിന്മക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻ കരുതി പ്രവർത്തിക്കുക (റോമർ 12:17).

യേശു മരിച്ചതു എല്ലാവർക്കും വേണ്ടിയായിരുന്നു എന്നോർക്കുക. മനുഷ്യന്റെ ദുരഭിപ്രായത്തിനും ഇളക്കാൻ പറ്റാത്ത മഹത്തായ ഒന്നാണിത്. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. അതിൽ യെഹൂദൻ എന്നോ, യവനൻ എന്നോ, ദാസൻ എന്നോ, സ്വതന്ത്രൻ എന്നോ വ്യത്യാസം ഇല്ല (ഗലാത്യർ 3:26-28). ദൈവം തന്റെ പുത്രനെ അയച്ചതു ലോകത്തെ വിധിപ്പാനല്ല, രക്ഷിപ്പാനത്രെ (യോഹന്നാൻ 3:16).

ദൈവ സ്വഭാവം ഹൃദയത്തിൽ വെച്ചുകൊണ്ടു ഇടപെടുക. ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ പിതാവിനു നിങ്ങൾ പുത്രന്മാർ ആയി തീരേണ്ടതിനു തന്നെ. അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും

തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം? (മത്തായി 5:44-46).

ആത്മാവിനെ കുറിച്ച് ബോധവാനായിരിക്കണം. ഏതു ദേശക്കാരനെന്നോ ഏതു ഭാഷക്കാരനെന്നോ, ഏതു വർഗ്ഗക്കാരനെന്നോ ചിന്തിക്കാതെ ആ വ്യക്തിയിലുള്ള ആത്മാവിന്റെ രക്ഷയ്ക്കായി കരുതി പ്രവർത്തിക്കുക. കർത്താവിന്റെ കല്പനകൾ അനുസരിച്ചാലെ ആത്മാവിന്റെ രക്ഷ പ്രാപ്യമാകുന്നുള്ളൂ (മത്തായി 28:18-19).

✶

# എല്ലാ സഭകളിലും ക്രിസ്ത്യാനികൾ ഉണ്ടോ?

## J.C. ചോട്ട്

നാമധേയ സഭാവിഭാഗങ്ങളിൽ എല്ലാം ദൈവ മക്കൾ അഥവാ ക്രിസ്ത്യാനികൾ ഉണ്ടെന്നു ചില ആളുകൾ പറയുകയുണ്ടായി. അതു ബൈബിളിൽ ഒരു ഭാഗത്തും വായിക്കാൻ സാധിക്കാത്ത അപരിചിതമായ ഒന്നാണത്. ബൈബിളിൽ അനേക സഭകൾ ഇല്ല, പിന്നെയോ കർത്താവിന്റെ സഭയായ ഏക സഭ മാത്രമാണുള്ളത് (മത്തായി 16:18). ഈ ഏക സഭയിലേക്കു ആളുകളെ ചേർക്കുന്നതു, മറ്റു സഭകളിൽ ചേർക്കുന്നില്ല. ഉദാഹരണമായി കർത്താവിന്റെ സഭയിലേക്കുള്ള പ്രവേശനോപാധി അല്ല നാമധേയ വിഭാഗങ്ങളിലേക്കു പ്രവേശിക്കുവാനുള്ളത്. അതുപോലെ തന്നെ നാമധേയ വിഭാഗങ്ങളിൽ പ്രവേശിക്കുന്ന ഉപാധികൾ വെച്ചുകൊണ്ടു ആർക്കും കർത്താവിന്റെ സഭയിൽ പ്രവേശിക്കാവുന്നതല്ല. അതു നാമധേയ വിഭാഗങ്ങളിലും വാസ്തവമാണ്. ഏതെങ്കിലും ഒരു നാമധേയ സഭയിൽ പ്രവേശിക്കുവാനുള്ള നിബന്ധന അനുസരിച്ചതു കൊണ്ടു മറ്റൊരു വിഭാഗത്തിൽ പ്രവേശിക്കാൻ പറ്റുന്നില്ല. ബാപ്റ്റിസ്റ്റ് സഭയിൽ ചേർന്നതുകൊണ്ടു ആർക്കും പെന്തെകൊസ്തുകാരനായി തീരാൻ കഴിയുകയില്ല. അംഗത്വത്തിനു ഓരോ സഭയ്ക്കും അതിന്റേതായ നിബന്ധനകൾ ഉണ്ട്.

കർത്താവിന്റെ സഭയിൽ അംഗമായി തീർന്ന ഒരാൾ നാമധേയ വിഭാഗത്തിൽ ചേരണമെങ്കിൽ അയാൾ അവിശ്വസ്ഥനായി തീരണം. കർത്താവിന്റെ സഭയിൽ അംഗമായി തീരുന്നതു കർത്താവിനോടും അവന്റെ വചനത്തോടും വിശ്വസ്തത പുലർത്തികൊണ്ടാണല്ലോ കർത്താവിന്റെ സഭയിൽ നിന്നു പിൻമാറി പോകുന്നവരെ നാമധേയ സഭയുടെ നിയമാവലികൾ അനുസരിപ്പിക്കാതെ അംഗത്വം കൊടുക്കുക എന്നതു വിരളമാണ്. ഇതാണ് പൊതുവിലുള്ള തത്വം.

ഏതെങ്കിലും നാമധേയ വിഭാഗത്തിൽ ചേർന്നതുകൊണ്ടു യാദൃച്ഛികമായി കർത്താവിന്റെ സഭയിൽ അവസാനിപ്പിച്ചു എന്നു പറയുന്നതായി ആരെങ്കിലും കേട്ടിട്ടുണ്ടോ? ഏതെങ്കിലും ഒരു സ്ഥാപനത്തിൽ ജോലിക്കു ചേർന്നുകൊണ്ടു മറ്റു സ്ഥാപനത്തിലെ ജോലി അവസാനിപ്പിക്കാൻ പറ്റുമോ? ഒരു കോളേജിലെ പഠനത്തിനായി ഒരു വിദ്യാർത്ഥി പ്രവേശിക്കുന്നതിനുള്ള നിബന്ധനകൾ എല്ലാം പൂർത്തീകരിച്ചു. എന്നാൽ ആ വിദ്യാർത്ഥിക്ക് മറ്റൊരു കോളേജിൽ ഉള്ള പഠനത്തോടെ എങ്ങനെ അവസാനിപ്പിക്കാൻ കഴിയും? അതു അസാദ്ധ്യം തന്നെ. ഒരു വിത്ത് ആരെങ്കിലും നട്ടിട്ടു മറ്റൊരു വിത്തിനായി കാത്തിരിക്കുമോ?

എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും എന്നു പ്രവാചക പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. പിതാവിനോടു കേട്ടു പഠിച്ചവർ എല്ലാം എന്റെ അടുക്കൽ വരും എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു (യോഹന്നാൻ 6:45). ഒരാൾ എങ്ങനെ ദൈവത്തെ അറിയും? രക്ഷക്ക് എന്തു ചെയ്യണമെന്നും കർത്താവിന്റെ സഭയിലേക്കുള്ള പ്രവേശനം എങ്ങനെ സാധിക്കുമെന്നെല്ലാം എങ്ങനെയാണ് അറിയാൻ കഴിയുന്നത്? ദൈവം തന്റെ വചനത്തിൽ അവയെല്ലാം പ്രതിപാദിച്ചിട്ടുണ്ട്. ദൈവത്തിൽ നിന്നു പഠിച്ചാൽ മാത്രമെ വാസ്തവത്തിൽ ഒരാൾ എങ്ങനെ ദൈവ മകനായി തീരും എന്നു അറിയാൻ കഴിയൂ. ഒരാൾ എന്തെങ്കിലും വിശ്വസിച്ച് എന്തെങ്കിലും ചെയ്തിട്ട്, രക്ഷപ്പെടുമെന്നും കർത്താവിന്റെ സഭയിൽ ആകുമെന്നും പറഞ്ഞാൽ ദൈവത്തിന്റെ ഉപദേശത്തെ പഠിക്കേണ്ടതിന്റെ ആവശ്യകത ഉദിക്കുന്നില്ല. ദൈവത്തിന്റെ ഹിതം പഠിപ്പികയും അനുസരിക്കയും വേണം എന്നതു മാറ്റമില്ലാത്ത വ്യവസ്ഥയാണ്.

വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്നാണ് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് (റോമർ 10:17). സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു ക്രിസ്തു പറഞ്ഞു (യോഹന്നാൻ 8:32). വീണ്ടും കർത്താവ് പറയുന്നു: വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16) രക്ഷിക്കപ്പെടുന്നവരെ കർത്താവു സഭയിലേക്കു ചേർക്കുകയും ചെയ്യും (പ്രവൃത്തി 2:47).

വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല എന്നു ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു (യോഹന്നാൻ 3:5). ഒരാളെ ക്രിസ്തുവിൽ ആക്കിതീർക്കുന്നതിനും സഭയിൽ ആക്കുന്നതിനും ഉള്ള നിബന്ധനയാണ് പുതിയ ജനനം. ഇവിടെ വെള്ളം എന്നു പറഞ്ഞിരിക്കുന്നതു സ്നാനത്തെ കുറിക്കുന്നു. വെള്ളത്തിൽ പഴയ മനുഷ്യനെ അടക്കുകയും ഒരു പുതിയ മനുഷ്യനായി പുറത്തു വരികയും ചെയ്യുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന രാജ്യം സഭയാണ്. റോമർ 6-ാം അദ്ധ്യായം ഗലാത്യർ 3:26-27; 2 കൊരിന്ത്യർ 5:17 എന്നീ വാക്യങ്ങൾ വായിക്കുക. ജല സ്നാനത്താൽ ദൈവം നമ്മുടെ പാപങ്ങൾ കഴുകി കളയുന്നു. അങ്ങനെ ക്രിസ്തുവിൽ ആകയും പുതിയ സൃഷ്ടികളാകുന്നതോടെ ദൈവ മക്കൾ ആകുകയും ചെയ്യുന്നു.

പ്രവൃത്തി 2:47-ൽ രക്ഷിക്കപ്പെടുന്നവരെ കർത്താവു തന്റെ സഭയോടു ചേർക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇവയെല്ലാം സംഭവിക്കണമെങ്കിൽ ഒരാൾ കർത്താവിന്റെ ഉപദേശം പഠിക്കയും ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കി അനുസരിക്കയും വേണം. രക്ഷിക്കപ്പെടുവാനുള്ള ദൈവ വ്യവസ്ഥ അറിയാത്തൊരാൾ എങ്ങനെ രക്ഷിക്കപ്പെടും? കർത്താവിന്റെ സഭയിൽ അംഗമാകുന്നതെങ്ങനെ എന്നു അറിയാതെ ഒരാൾക്കു എങ്ങനെ കർത്താവിന്റെ സഭയിൽ അംഗമായി തീരാൻ കഴിയും? രക്ഷിക്കപ്പെടുവാൻ ഒരാൾ എന്തു ചെയ്യണമെന്നുള്ള ദൈവേഷ്ടം മനസ്സിലാക്കിയാൽ, കർത്താവിന്റെ സഭയിൽ അംഗമായി തീരുന്നതെങ്ങനെ എന്നു തിരുവെഴുത്തിൽ നിന്നു ഗ്രഹിച്ചാൽ അയാൾ രക്ഷിക്കപ്പെടുവാനുള്ള കർത്താവിന്റെ

കല്പനകൾ പ്രമാണിക്കുന്നു. അപ്പോൾ ആ വ്യക്തിയെ കർത്താവ് തന്റെ സഭയോടു ചേർക്കുന്നു. അയാൾ പിന്നെ നാമധേയ വിഭാഗത്തിൽ അംഗമായി തീരുകയില്ല. അങ്ങനെ ചെയ്താൽ കർത്താവിന്റെ സഭയിലെ അംഗത്വം നഷ്ടമാകും. ഇതു സാമാന്യബുദ്ധിയുള്ള ആർക്കും ചിന്തിച്ചാൽ മനസ്സിലാകും.

പുതിയ നിയമത്തിലെ പ്രവൃത്തികളുടെ പുസ്തകത്തിലാണ് പരിവർത്തനങ്ങളെ പ്രതിപാദിച്ചിരിക്കുന്നത്. അതിൽ എല്ലാം ആളുകൾ സുവിശേഷം കേട്ടു പഠിക്കയും അതിനു ശേഷം കർത്താവിനെ അനുസരിക്കയും ചെയ്തു. അപ്പോൾ അവരെ കർത്താവ് തന്റെ സഭയിൽ ചേർക്കുകയും ചെയ്തു. കർത്താവിനു ഒരേ ഒരു സഭ മാത്രമാണുള്ളത്. അതുകൊണ്ട് കർത്താവ് രക്ഷിക്കപ്പെടുന്നവരെ ആ സഭയിലേക്കു മാത്രമേ ചേർക്കയുള്ളൂ.

ആരാണ് യഥാർത്ഥത്തിൽ ദൈവേഷ്ടം കേട്ടു പഠിച്ച് അനുസരിച്ചതെന്നു കർത്താവിനറിയാം. കാരണം രക്ഷിക്കുന്നതും സഭയിലേക്കു ആളുകളെ ചേർക്കുന്നതും ക്രിസ്തുവാണ്. മനുഷ്യർക്കു ന്യായവാദങ്ങൾ ഉന്നയിക്കാമെന്നു മാത്രം. അതുകൊണ്ടു വലിയ ഫലമില്ല. കർത്താവിന്റെ കല്പനകൾ പിതാവിന്റെ ഇഷ്ട പ്രകാരം കൈക്കൊണ്ടവരെ കർത്താവിന് അറിയാം അല്ലാത്തവരേയും അവനു വ്യക്തമായി അറിയാം.

★

# ഏലിയാ പ്രവാചകൻ

## W. A. ഹോളെ

അവൻ അക്കരെ കടന്നശേഷം ഏലിയാവ് ഏലീശയോടു; ഞാൻ നിങ്കൽ നിന്നു എടുത്തുകൊള്ളപ്പെടും മുമ്പെ ഞാൻ നിനക്കു എന്തു ചെയ്തു തരേണം? ചോദിച്ചുകൊൾക എന്നു പറഞ്ഞു. അതിനു ഏലീശാ: നിന്റെ ആത്മാവിൽ ഇരട്ടി പങ്കു എന്റെ മേൽ വരുമാറാകട്ടെ എന്നു പറഞ്ഞു. അതിനു അവൻ നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്; ഞാൻ നിങ്കൽ നിന്നു എടുത്തുകൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ നിനക്കു അങ്ങനെ ഉണ്ടാകും;

അല്ലെന്നു വരികിൽ ഉണ്ടാകയില്ല എന്നു പറഞ്ഞു. അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നി രഥവും അഗ്നി അശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു. അങ്ങനെ ഏലിയാവു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു കയറി. ഏലിശാ അതു കണ്ടിട്ടു; എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളികളും എന്നു നിലവിളിച്ചു, പിന്നെ അവനെ കണ്ടില്ല; അപ്പോൾ അവൻ തന്റെ വസ്ത്രം പിടിച്ചു രണ്ടു ഖണ്ഡമായി കീറിക്കളഞ്ഞു (2 രാജാക്കൻമാർ 2:9–12).

മഹാ പ്രവാചകന്മാരിൽ ഒരാളായിരുന്നു ഏലിയാവ്. അവൻ പരുപരുത്ത ഒട്ടക രോമം കൊണ്ടുള്ള വസ്ത്രമാണ് ധരിച്ചിരുന്നത്. അതിനെ തോൽകൊണ്ടു അരയിൽ കെട്ടിമുറുക്കിയിരുന്നു. വലിയ വിഷമ ഘട്ടങ്ങളിൽ പെട്ടെന്നു പ്രത്യക്ഷനാവുന്നതിൽ പ്രസിദ്ധനായിരുന്നു ഏലിയാവ്. ബാലിനെ സേവിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചിരുന്ന ഇസബേലിന്മേൽ വലിയൊരു വിജയം കൈവരിക്കാൻ അവനു കഴിഞ്ഞിരുന്നു (1 രാജാക്കന്മാർ 18 വായിക്കുക). ഏലിയാവു പ്രവചിച്ചതുപോലെ ദേശത്തു മൂന്നു വർഷം വരൾച്ചയുണ്ടായി (യാക്കോബ് 5:17; 1 രാജാക്കന്മാർ 18:1–10). മരിച്ചവനെ ഉയിർപ്പിച്ചവനായിരുന്നു ഏലിയാവ് (1 രാജാക്കന്മാർ 17:17–24).

നൂറ്റാണ്ടുകൾക്കു ശേഷം ഏലിയാവിന്റെ ആത്മാവിന്റെ ശക്തിയോടും ധൈര്യത്തോടും കൂടെയാണ് യോഹന്നാൻ സ്നാപകൻ വരുന്നത് (ലൂക്കൊസ് 1:17). യോഹന്നാൻ സ്നാപകൻ ഏലിയാവിന്റെ പുനരവതാരമായിരുന്നില്ല. പിന്നെയോ വരുവാനുള്ള ഏലിയാവ് എന്നതു സൂചിപ്പിക്കുന്നത്. ഏലിയാവിന്റെ ആത്മാവിന്റെ അതേ പ്രവർത്തന രീതി എന്നർത്ഥം (മത്തായി 11:14; 17:10–13; മർക്കൊസ് 4:11–13; മലാഖി 4:5). യോഹന്നാൻ സ്നാപകന്റെ വസ്ത്രധാരണവും ജീവിതവും മാനസാന്തര സന്ദേശവും ഏലിയാവിന്റേതുമായി താരതമ്യം ചെയ്യാം. ഏലിയാവിന്റെ സ്വഭാവ വിശേഷതകൾ എന്തെല്ലാമായിരുന്നു? നമുക്ക് പരിശോധിക്കാം.

എടുത്തു പറയേണ്ട ധൈര്യശാലിയായിരുന്നു അവൻ. ഇസബേൽ രാജ്ഞിയുടെ ക്രൂരമായ ഉപദ്രവങ്ങളെ അവൻ അനുവദിച്ചുകൊടുത്തില്ല. ബാലിന്റെ പ്രവാചകന്മാരെ പരസ്യമായി നേരിടുന്ന

തിനു അവൻ വെല്ലുവിളിച്ചു (1 രാജാക്കന്മാർ 18:17-40). ഇസബേൽ ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുകയുണ്ടായി (1 രാജാക്കൻമാർ 18:13;2 രാജാക്കൻമാർ 9:7).

ദൈവത്തിന്റെ സത്യത്തെ മുറുകെ പിടിക്കുന്നതിൽ ഏലിയാവ് ഭയപ്പെട്ടിരുന്നില്ല (1 രാജാക്കന്മാർ 18;21-40). ബാലിന്റെ 450 പ്രവാചകൻമാർക്കെതിരെ ഏലിയാവ് ഒറ്റക്ക് എതിർത്തു. എതിർപ്പുകളുടെ മദ്ധ്യേ സത്യത്തെ പ്രതിരോധിക്കേണ്ടിയിരുന്നു (ഫിലിപ്പിയർ 1:7;17).

✶

**സ്ത്രീകൾക്കു വേണ്ടി**

# രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം?

## ബെറ്റി ബർട്ടൻ ചോട്ട്

"പിന്നെ അവൻ അവരോടു: ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നു പറഞ്ഞു" (മർക്കൊസ് 16:15-16).

വീട്ടിൽ വൈകുന്നേരം എല്ലാവരും ഒരുമിച്ചു കൂടിയപ്പോൾ ആന്റണി ഒരു ക്രിസ്ത്യാനിയായി തീരുന്നതിനെ കുറിച്ച് പറഞ്ഞ കാര്യം പീറ്റർ അവനെ ഓർമ്മിപ്പിച്ചു. അവർ ഒരുമിച്ച് വചന പഠനത്തിൽ ഏർപ്പെട്ടപ്പോഴാണ് അതു ചെയ്തതു. പക്ഷെ നീ എല്ലാം മനസിലാക്കിയോ എന്നു ചോദിച്ചു. നീ ചെയ്യുന്നത് എന്താണെന്നും എന്തുകൊണ്ടാണെന്നും ഗ്രഹിച്ചോ എന്നു ചോദിച്ചു.

പത്രൊസും ശേഷം അപ്പൊസ്തലന്മാരും തങ്ങളുടെ ആദ്യത്തെ പ്രസംഗം നടത്തിയതും അങ്ങനെ കർത്താവിന്റെ സഭ ഉടലെടുത്തതും ഓർമ്മയുണ്ടോ? ഇല്ലെങ്കിൽ നമുക്ക് അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായം 22 മുതലുള്ള വാക്യങ്ങൾ വായിക്കാം എന്നു പറഞ്ഞു.

ആന്റണി ആ ഭാഗം എടുത്തു ഇപ്രകാരം വായിച്ചു: "യിസ്രാ

യേൽ പുരുഷന്മാരേ, ഈ വചനം കേട്ടുകൊൾവിൻ. നിങ്ങൾ തന്നേ അറിയുംപോലെ ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസ്രായനായ യേശുവിനെ ദൈവം തന്റെ സ്ഥിര നിർണ്ണയത്താലും മുന്നറിവിനാലും ഏൽപ്പിച്ചിട്ടു, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ ഏൽപ്പിച്ചു കൊന്നു. ദൈവമോ മരണ പാശങ്ങളെ അഴിച്ചിട്ടു അവനെ ഉയിർത്തെഴുന്നേൽപ്പിച്ചു. മരണം അവനെ പിടിച്ചു വെക്കുന്നതു അസാദ്ധ്യമായിരുന്നു".

ആകയാൽ ആരിൽ വിശ്വസിക്കണമെന്നാണ് പീറ്റർ പഠിപ്പിച്ചത്? പപ്പ ആന്റണിയോടു ചോദിച്ചു. മരണത്തിനു ഏൽപ്പിച്ചു കൊടുത്തു എങ്കിലും മരണത്തിനു അവനെ പിടിച്ചു വെക്കാൻ കഴിയാതിരുന്ന യേശുവിൽ വിശ്വസിക്കണം എന്നു ആന്റണി ഉത്തരം പറഞ്ഞു.

പിന്നീട് മുപ്പത്തിയാറാം വാക്യം ശ്രദ്ധിച്ചു വായിക്കാൻ പപ്പ ആവശ്യപ്പെട്ടു. "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ ദൈവം ക്രിസ്തുവും കർത്താവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ".

അവൻ അത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ എന്തു സംഭവിച്ചു എന്നറിയാനായി തൊട്ടടുത്ത വാക്യം വായിക്കുക. ഇതു കേട്ടിട്ട് അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പോസ്തലന്മാരോടും സഹോദരന്മാരായ പുരുഷന്മാരെ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. നിങ്ങൾ ആ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നെങ്കിൽ നിങ്ങളും ഈ വിധത്തിൽ ചോദിക്കുമായിരുന്നോ? ഉവ്വ് എന്നു ആന്റണി പറഞ്ഞു. അവർ തെറ്റുകാരാണെന്നു ബോധ്യപ്പെട്ടിട്ടാണ് തങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചത്. അതിനു പത്രൊസ് കൊടുത്ത മറുപടി എന്തെന്ന് അറിയണ്ടേ? നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും".

എന്താണ് മാനസാന്തരം ? ജെയിംസിനോടു പപ്പ ചോദിച്ചു. നിർത്തി മറ്റൊരു ദിശയിൽ സഞ്ചരിക്കുക എന്നതാണ്, ജയിംസ്

മറുപടി പറഞ്ഞു. എന്താണ് നിർത്തേണ്ടത്? വീണ്ടും പപ്പ ചോദിച്ചു. അതിനു അവന്റെ സഹോദരി അസിമയാണ് ഉത്തരം പറഞ്ഞത്. തെറ്റു ചെയ്യുന്നതു നിർത്തി ദൈവ വഴിയിൽ സഞ്ചരിക്കുന്നതാണ് മാനസാന്തരം. അതു ശരിയാണെന്നു പപ്പ സമ്മതിച്ചു. ആളുകൾക്കു ചെയ്യാൻ ചിലപ്പോൾ പ്രയാസം ഉള്ളതും അതു തന്നെയാണ്, സ്വന്തം അഭിലാഷങ്ങൾ അനുസരിച്ച് ജീവിക്കാനാണ് അധികവും ആളുകൾ ശ്രമിക്കുന്നത്. അതുകൊണ്ട് അവർ കുഴപ്പത്തിൽ ചെന്നു ചാടുന്നു. ദൈവഹിത പ്രകാരം ജീവിക്കുകയാണെങ്കിൽ കുഴപ്പങ്ങൾ ഒഴിവാക്കാം. പപ്പ ഉറച്ച സ്വരത്തിൽ വ്യക്തമാക്കി.

നന്മയായിട്ടുള്ളത് ഒന്നും നിർത്തുവാൻ ദൈവം പറയുന്നില്ലല്ലോ തിന്മയായുള്ളതു മാത്രമല്ലേ നിർത്തുവാൻ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് നാം ദൈവത്തെ പിൻപറ്റുമ്പോൾ ദൈവം നമുക്കു ഏറ്റവും നല്ലതു തന്നെ തരും. പത്രൊസ് പിന്നെ അവരോടു എന്തു പറഞ്ഞു? ആന്റണിക്കു അറിയാൻ ധൃതിയായി.

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുവാൻ കൂടെ പറഞ്ഞിട്ടുണ്ട്. എന്താണ് അതിന്റെ അർത്ഥം? വീണ്ടും ആന്റണി ചോദിച്ചു.

ഇന്നലെ നമ്മൾ ശൗലിന്റെ പരിവർത്തനം പഠിച്ചത് ആർക്കെങ്കിലും ഓർമ്മയുണ്ടോ എന്ന പപ്പ ചോദിച്ചു. ഉണ്ട് എന്നു അസിമ പറഞ്ഞു. അനന്യാസ് എന്ന സുവിശേഷകൻ ശൗലിനോടു: ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റു പ്രാർത്ഥിച്ചു സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകി കളക എന്നു പറഞ്ഞു. വെള്ളമാകുന്ന കല്ലറയിൽ പാപ ശരീരത്തെ അടക്കം ചെയ്താൽ മാത്രമേ യേശുക്രിസ്തുവിന് നമ്മെ ശുദ്ധീകരിപ്പാൻ കഴിയൂ എന്നതാണ് കാരണം. അങ്ങനെ ചെയ്യുമ്പോൾ കർത്താവ് നമ്മെ രക്ഷിക്കയും തന്റെ ആത്മാവിനെ ദാനമായി തരികയും ചെയ്യും. അതിനുശേഷം കർത്താവ് രക്ഷിക്കപ്പെടുന്നവരെ തന്റെ സഭയോടു ചേർക്കും എന്നും പറഞ്ഞു.

ആന്റണിക്ക് ഇതു കേട്ടപ്പോൾ സ്നാനം ഏൽക്കുവാൻ അതിയായ ആഗ്രഹം ജനിച്ചു. തനിക്കും ദൈവത്തിന്റെ ഭവനമാകുന്ന സഭയിൽ അംഗമായി തീരണം എന്നു മനസ്സിൽ ഉറപ്പിച്ചു.

പല തരത്തിലുള്ള സ്നാനത്തെ കുറിച്ച് തന്റെ സ്നേഹിതൻ പറഞ്ഞു കേട്ടതായി ആന്റണി സൂചിപ്പിച്ചു. ശരിയായ സ്നാനം ഏറ്റില്ലെങ്കിൽ ചെയ്യുന്നതുകൊണ്ട് ഫലമില്ലല്ലോ. ശരിയാണ് പീറ്റർ സമ്മതിച്ചു. തുടർന്നു ദൈവം അധികാരപ്പെടുത്തിയ സ്നാനം ഏതെന്നു തെളിയിച്ചു കൊടുത്തു.

വെള്ളം തളിച്ചും കോരി ഒഴിച്ചും നാമമാത്രമായി സ്നാനം കൊടുക്കുന്നവരുണ്ട്. അവയൊന്നും തിരുവെഴുത്തിൽ പറയുന്ന പ്രകാരമല്ല. സ്നാനം എന്ന വാക്കിന്റെ അർത്ഥം തന്നെ മുങ്ങൽ എന്നാണ്. വെള്ളത്തിൽ മുങ്ങൽ ആയിരിക്കണം സ്നാനം. അതാണ് അപ്പൊസ്തലനായ പൗലൊസ് സ്നാനം അടക്കമായി പറഞ്ഞിരിക്കുന്നതു (കൊലൊസ്യർ 2:12). അതു ആന്റണിക്കു ബോധ്യമായി. അപ്പോൾ തെറ്റായ രീതിയിൽ സ്നാനമേറ്റവർക്കു എന്തു സംഭവിക്കും? അസിമയുടെ ഉത്ക്കണ്ഠ അതായിരുന്നു. അവർക്കു ദൈവത്താലുള്ള രക്ഷ കിട്ടുകയില്ല. പീറ്റർ ഉത്തരം നൽകി.

✶

# സഭയുടെ സംഘടന

## ഗ്യാരി സി. ഹാമ്ടൺ

മതപരമായ ഒരു കൂട്ടത്തെ മറ്റു കൂട്ടങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്ന സ്വഭാവമാണ് അതിന്റെ സംഘടന. ഓരോ വിഭാഗത്തിനും പ്രാദേശികവും ദേശീയവുമായ സമീപനം വ്യത്യസ്തമാണ്. ഉദാഹരണമായി പറഞ്ഞാൽ നസ്റേൻ സഭക്കു ഒരു പ്രതിനിധി ഭരണ രീതിയാണുള്ളത്. അവരുടെ സംഗ്രഹ ഗ്രന്ഥത്തിൽ പറയുന്നത്: ഞങ്ങൾ, സഭക്കു ഒരു മേലധികാരി ആവശ്യമാണെന്നും, സ്ഥാപിക്കപ്പെട്ട സഭയെ ശ്രദ്ധയോടെ കെട്ടുറപ്പോടെ നടത്തുക, എവിടെയെല്ലാം സഭകൾ സംഘടിപ്പിക്കണോ, അവയെ എല്ലാം പ്രോത്സാഹിപ്പിക്കയും ചെയ്യുക എന്നതാണ് അദ്ദേഹത്തിന്റെ കടമ എന്നും സമ്മതിച്ചിരിക്കുന്നു.

കത്തോലിക്കാ സഭയുടെ പരമാധികാരം മേലദ്ധ്യക്ഷനായ പോപ്പിൽ നിക്ഷിപ്തമാണ്. മറ്റു പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾക്കെല്ലാം അതിന്റെ ഭരണ സംവിധാനങ്ങളാണുള്ളത്. ബിഷപ്പുമാർ, പാസ്റ്റർമാർ തുടങ്ങിയ രീതിയിൽ അറിയപ്പെടുന്ന മേലധികാരികൾ അവരുടെ സഭകളെ നിയന്ത്രിക്കയും ഭരിക്കയും ചെയ്യുന്നു. ഓരോന്നിനും പ്രത്യേക നിയമാവലികളും ഉണ്ട്. മാനുഷിക സിദ്ധാന്തങ്ങൾ അനുസരിക്കുന്ന നയ സമീപനങ്ങൾ എടുത്തിരിക്കുന്നതുകൊണ്ടാണ് ഇവയ്ക്കെല്ലാം വെവ്വേറെ ഭരണക്രമം കാണപ്പെടുന്നത്. എന്നാൽ നാം ചിന്തിക്കേണ്ട ഗൗരവമേറിയ കാര്യങ്ങൾ പലരും വിട്ടു കളയുന്നതായിട്ടാണ് അനുഭവപ്പെടുന്നത്. മതപരമായ കാര്യങ്ങളിൽ ഉള്ള അജ്ഞത ഒരു ഭാഗത്ത്. ഇങ്ങനെയൊക്കെ മതി എന്ന തോന്നൽ വേറൊരു ഭാഗത്ത്. ഇതാണ് ഇന്നത്തെ ക്രിസ്ത്യാനിത്വത്തെ ബാധിച്ചിരിക്കുന്ന രോഗം. ശരിയായ രീതിയിൽ ചികിത്സ നടത്തിയില്ലെങ്കിൽ അവസാനം പരിഹാരം തന്നെ അപ്രാപ്യമാകും. ദൈവം അരുളിച്ചെയ്തിരിക്കുന്ന സംവിധാനം ശ്രദ്ധിക്കുക.

സഭയെ സ്ഥാപിക്കുമെന്നു പറഞ്ഞത് ക്രിസ്തുവാണ് (മത്തായി 16:18). യേശുവിന്റെ ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം അവന്റെ പിതാവിന്റെ സിംഹാസനത്തിലിരുത്തി കർത്താവും ക്രിസ്തുവുമാക്കി വെച്ചു. തന്മൂലം അവൻ സഭയുടെ തലയായി തീർന്നു. "എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽകീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭക്കു കൊടുക്കയും ചെയ്തിരിക്കുന്നു (എഫെസ്യർ 1:21-23). ആകാശത്തിലും ഭൂമിയിലും സകല അധികാരവും യേശുവിനു നൽകിയിരിക്കുന്നു. ഏക കർത്താവുമാണ് ഉള്ളത്. കർത്താവ് എന്നു പറഞ്ഞാൽ ഭരിക്കുന്നവൻ എന്നാണർത്ഥം. യേശുക്രിസ്തുവാണ് സഭയുടെ അധിപൻ. സഭയെ ഭരിക്കുവാൻ ക്രിസ്തു ഉള്ളപ്പോൾ മറ്റൊരു മാനുഷിക തലയുടെ ആവശ്യമില്ല. അങ്ങനെ ചെയ്താൽ അതു ദൈവത്തിന്റെ അധികാരത്തെ

നാം കയ്യിലെടുത്തതായി വരും. അതിനു ദൈവം ആരെയും അനുവദിക്കുന്നില്ല.

കർത്താവാണ് രക്ഷിക്കപ്പെടുന്നവരെ തന്റെ സഭയോടു ചേർക്കുന്നത് (പ്രവൃത്തി 2:47). അംഗത്വം വോട്ടിനിട്ടു തീരുമാനിക്കയോ, കമ്മിറ്റി തീരുമാനിക്കയോ ചെയ്തിട്ടല്ല ലഭിക്കുന്നത്. അതു ലോകത്തിലുള്ള എല്ലാവർക്കുമായി തുറന്നു വച്ചിരിക്കുന്നു (മർക്കൊസ് 16:15-16; റോമർ 1:16). തിരുവെഴുത്തിൽ സഭ എന്ന വാക്കു പ്രാദേശികമായ അർത്ഥത്തിലും സാർവ്വദേശീയമായ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. ഇതു രണ്ടും ക്രിസ്തുവിന്റെ അധികാരത്തെ മാനിച്ച് അനുസരിച്ചവരും രക്ഷിക്കപ്പെട്ടവരും ആണ്. നാമധേയ വിഭാഗങ്ങൾ ബൈബിളിനു അന്യമാണ്. ദൈവ മനസ്സിൽ ഉണ്ടായതും ഇപ്പോൾ ഉള്ളതും ഏക സഭയാണ്. അത് ഏതെങ്കിലും ഒരു പ്രദേശത്തുള്ളതായാലും ലോകത്തിൽ എല്ലാ സ്ഥലങ്ങളിലുമുള്ള മൊത്തത്തിലുള്ള സഭയായാലും ശരി, പിതാവിന്റെ ഇഷ്ടം ചെയ്തു ജീവിക്കുന്നവരാണ് അവർ (റോമർ 16:16;1 കൊരിന്ത്യർ 1:2; 1 തെസലൊനിക്യർ 1:1; ഗലാത്യർ 1:2). എല്ലാവരും ഏക വിശ്വാസത്തിലും ഏക രക്ഷാ പദ്ധതിയിലും ഒതുങ്ങി നിൽക്കുന്നുവെങ്കിൽ കർത്താവാകുന്ന തലക്കു കീഴ്പ്പെട്ടിരിക്കും. ദൈവം ആഗ്രഹിക്കുന്നതു മറ്റൊന്നല്ല.

ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കടമയാണ് സുവിശേഷം സർവ്വ മനുഷ്യരോടും അറിയിക്ക എന്നത്. സുവിശേഷം അനുസരിക്കുന്നവരെ കർത്താവ് രക്ഷിക്കയും സഭയോട് ചേർക്കുകയും ചെയ്യുന്നു. അവർ ക്രിസ്തുവിന്റെ അധികാരത്തിൻ കീഴിൽ ആയിരിക്കണം. പുതിയ നിയമത്തിൽ ക്രിസ്തു പ്രഖ്യാപിച്ചിരിക്കുന്ന സംഘടിപ്പിക്കൽ ആയിരിക്കണം സഭക്ക് വേണ്ടത്. പുതിയ നിയമം ആരംഭിച്ച സമയത്ത് അപ്പൊസ്തലന്മാരും പ്രാരംഭ ക്രിസ്ത്യാനികളും ക്രിസ്തുവിന് കീഴ്പ്പെട്ടിരുന്നു. യെരുശലേമിലും യെഹൂദ്യയിലും ഉണ്ടായിരുന്ന സഭ അങ്ങനെ തന്നെയായിരുന്നു (പ്രവൃത്തി 6:1-4). പിന്നീട് വളരെ കാലം കഴിയുന്നതിനു മുമ്പ് മൂപ്പന്മാരെ അഥവാ അദ്ധ്യക്ഷന്മാരെ നിയമിച്ചതായും നാം കാണുന്നുണ്ട് (പ്രവൃത്തി 11:27 -30).

✶

# വീണ്ടും സ്നാനം ആർക്ക് ?

## ഫ്രാൻസിസ് ഡേവിഡ്

ആകയാൽ നിങ്ങൾ പുറപ്പെട്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ എന്നു യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചു (മത്തായി 28:19). ഇതിനെ കർത്താവിന്റെ മഹത്തായ കല്പന എന്നു വിളിക്കുന്നു. ഒരു ദേശത്തിനോ ഒരു ജാതിക്കോ മാത്രമായിട്ടല്ല യേശുവിന്റെ സന്ദേശം നല്കപ്പെട്ടത്. എല്ലാ ജാതിക്കാർക്കും എല്ലാ ദേശക്കാർക്കും ആണ് സുവിശേഷം സാർവ്വലൗകികമാണ്. കർത്താവ് വന്നത് ലോകത്തിന്റെ മുഴുവൻ രക്ഷകനായിട്ടാണ്. അവൻ മരിച്ചതു സർവ്വ മനുഷ്യർക്കും വേണ്ടിയായിരുന്നു.

നാം തിരുവെഴുത്തു വായിക്കുമ്പോൾ സത്യം കേട്ടു പഠിക്കുന്നതും ശരിയായി പ്രതികരിക്കുന്നതും ആയ ആളുകളെ സ്നാനപ്പെടുത്തുവാനും യേശു അവരോടു ആജ്ഞാപിക്കയുണ്ടായി. സ്നാനം ഏറ്റശേഷവും അവർ കർത്താവിന്റെ മറ്റു കൽപനകൾ പ്രമാണിക്കേണ്ടിയിരുന്നു. ആദ്യമായി ആരെയാണ് സ്നാനം കഴിപ്പിക്കേണ്ടത് എന്നു ചോദിച്ചേക്കാം. എങ്കിലേ വീണ്ടും സ്നാനത്തിന്റെ കാര്യം നോക്കിയാൽ ശരിയാകയുള്ളൂ.

വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്നത്രെ തിരുവെഴുത്തു പറയുന്നത്. സ്ത്രീയായാലും പുരുഷനായാലും ഒരാളെ നാം വചനം പഠിപ്പിക്കുമ്പോൾ അയാൾക്കു സത്യം ബോധ്യമാകുന്നു. അതായത് ആ വ്യക്തി സത്യം വിശ്വസിച്ചു എന്നർത്ഥം. അങ്ങനെ സത്യം വിശ്വസിച്ച ഒരാൾക്കാണ് സ്നാനം ആവശ്യം. ക്രിസ്തു ദൈവ പുത്രനാണെന്ന സത്യമാണ് ഒരാൾ വിശ്വസിക്കേണ്ടത്. അതിനുള്ള തെളിവുകൾ ധാരാളം വചനത്തിലുണ്ട്. അത്തരം ഉദാഹരണങ്ങൾ അപ്പൊസ്തല പ്രവൃത്തികളിൽ ഉണ്ട്. അതിൽ ഒന്നാണ് ഷണ്ഡന്റെ അനുസരണം. ഫിലിപ്പൊസ് എന്ന സുവിശേഷകൻ ഷണ്ഡനോട് ക്രിസ്തുവിനെ കുറിച്ച് പൊരുൾ തിരിച്ചു കൊടുത്തു. അതു മനസ്സിലാക്കിയ ഷണ്ഡൻ വെള്ളം കണ്ടപ്പോൾ സ്നാനം ഏൽക്കുവാൻ എനിക്ക് എന്താണ് തടസം എന്നു ചോദിച്ചു. നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു ഫിലിപ്പൊസ്

പറഞ്ഞു. ഇരുവരും വെള്ളത്തിൽ ഇറങ്ങി ഫിലിപ്പൊസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചു. വിശ്വാസത്തെ അനുസരണത്തിൽ കൊണ്ടു വരുന്നതാണ് സ്നാനം (പ്രവൃത്തി 8:35-38).

സ്നാനം ഏൽക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി മാനസാന്തരപ്പെടണം. മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നു കർത്താവു അരുളിച്ചെയ്തു (ലൂക്കൊസ് 13:3). മാനസാന്തരം എന്നാൽ വഴി മാറൽ എന്നർത്ഥം. തെറ്റായ വഴി വിട്ടു ശരിയായ വഴിയിലേക്കു മാറണം. പെന്തെകൊസ്തു നാളിൽ യഹൂദന്മാരോടു മാനസാന്തരപെട്ടു സ്നാനമേൽക്കുവാനാണ് പ്രബോധിപ്പിച്ചത് (പ്രവൃത്തി 2:38). ആകയാൽ സ്നാനം ഏൽക്കുന്നതിനു മുമ്പ് ഏതൊരാളും മാനസാന്തരപ്പെട്ടിരിക്കണം. എന്നാൽ ചിലർ ഇതിൽ നിന്നു വ്യത്യസ്ഥമായി കാണുന്നുണ്ട്. ഒരാൾ വ്യഭിചാരത്തിൽ ജീവിക്കുന്നു എന്നു വിചാരിക്കുക. അയാൾ തന്റെ ജീവിതത്തിനു മാറ്റമുണ്ടാകാതെ സ്നാനം ഏൽക്കുകയാണെങ്കിൽ മാനസാന്തരപ്പെടാതെയാണ് സ്നാനം ഏൽക്കുന്നത്. മാനസാന്തരപ്പെട്ട ഒരാൾ പുതിയ സൃഷ്ടിയായി തീരുന്നു. കാരണം അയാൾ തന്റെ കഴിഞ്ഞകാല ദുഷ്യ വശങ്ങളെ എല്ലാം വിട്ടുകളയുന്നു. സകല അശുദ്ധിയും ദുർന്നടപ്പും, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ഈർഷ്യ, മദ്യപാനം, വെറിക്കൂത്ത്, അസൂയ എന്നിവ എല്ലാം ഉപേക്ഷിച്ചെങ്കിൽ മാത്രമേ മാനസാന്തരം ആകുന്നുള്ളൂ. എങ്കിലേ സ്നാനം ഏൽക്കുമ്പോൾ സകല പാപങ്ങളും കഴുകി കളയുകയുള്ളൂ (പ്രവൃത്തി 22:16).

ക്രിസ്തുവിനെ കൂടാതെയുള്ളവർക്കാണ് സ്നാനം ആവശ്യം. ഒരാൾ വചനത്തിൽ പറഞ്ഞിട്ടുള്ള സ്നാനം ഏറ്റില്ലെങ്കിൽ അയാൾ ക്രിസ്തുവിനെ കൂടാതെയുള്ള ആളാണ്. ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു എന്നാണ് ബൈബിൾ പറയുന്നതു (ഗലാത്യർ 3;27). ക്രിസ്തുവിനെ ധരിക്കുവാനും ക്രിസ്തുവിനോടു ചേരുവാനും സ്നാനം എന്ന കല്പന അനുസരിക്കണം. ക്രിസ്തുവിലാകണമെങ്കിൽ ഈ നിബന്ധന അനുസരിക്കണം. ക്രിസ്തുവിന്റെ ശരീരത്തോടു ചേർക്കപ്പെടണമെങ്കിൽ ഒരാൾ രക്ഷിക്കപ്പെടണം. രക്ഷിക്കപ്പെടുവാനുള്ള ഒരു കല്പനയാണ് സ്നാനം (മർക്കൊസ് 16:16). അപ്പൊസ്തലനായ പത്രൊസും ഇതു സ്ഥിരീകരിക്കുന്നുണ്ട്.

സ്നാനം ജഡത്തിന്റെ അഴുക്കു കളയുന്നതിനായിട്ടല്ല, ദൈവത്തോടുള്ള നല്ല മനസാക്ഷിക്കായി നമ്മെ രക്ഷിക്കുന്നു (1 പത്രൊസ് 3:21).

നിങ്ങൾ ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെയാണോ സ്നാനം ഏറ്റത്? ബൈബിളിൽ ഐക്യതയെ സംബന്ധിച്ച് വിവരിക്കുമ്പോൾ സ്നാനം ഒന്നു എന്നു പറഞ്ഞിട്ടുണ്ട് (എഫെസ്യർ 4:4). ഒരു പക്ഷെ നിങ്ങൾ സ്നാനപ്പെട്ടിരിക്കാം. പക്ഷെ അതു ശരിയായ അറിവോടെയായിരിക്കയില്ല. കർത്താവിന്റെ സഭയെ കുറിച്ച് നിങ്ങൾ കേട്ടിട്ടുപോലും കാണുകയില്ല. യഥാർത്ഥമായി യേശു പണിതതാണ്. സഭയും ഒന്നു മാത്രമേയുള്ളൂ എന്നു തിരുവെഴുത്ത് തെളിയിക്കുന്നു (മത്തായി 16:18; എഫെസ്യർ 4:4-5; എഫെസ്യർ 1:22). കർത്താവ് പഠിപ്പിച്ചിട്ടുള്ള സത്യ വഴി നിങ്ങൾ പരിശോധിച്ച് കണ്ടെത്തുവാനാണ് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നത്. നിങ്ങൾക്കു കർത്താവിന്റെ ശരീരമാകുന്ന ഏക സഭയിലേക്കു പ്രവേശിക്കണമെങ്കിൽ മറ്റൊരു വഴിയുമില്ല. നിങ്ങൾ അടുത്തുള്ള ക്രിസ്തുവിന്റെ സഭ (ചർച്ച് ഓഫ് ക്രൈസ്റ്റ്) കണ്ടെത്തുക. അവർ നിങ്ങളെ വചന പ്രകാരമുള്ള സ്നാനം ഏൽക്കുവാൻ സഹായിക്കും. പാപ ശരീരത്തെ വെള്ളമാകുന്ന കല്ലറയിൽ പൂർണ്ണമായി അടക്കം ചെയ്താൽ മാത്രമെ പുതിയ മനുഷ്യനായി ഉയിർക്കപ്പെടുകയുള്ളൂ (റോമർ 6:3-4; 1 കൊരിന്ത്യർ 2:12).

ഒരിക്കൽ തെറ്റായി സ്നാനം ഏറ്റതു കൊണ്ട് അതുമതി എന്നു വിചാരിക്കരുത്. കാരണം അതു ദൈവ കല്പനയല്ല. നിലവിലുള്ള നിയമമാകുന്ന പുതിയ നിയമത്തിൽ യേശുക്രിസ്തു കല്പിച്ച രീതിയിൽ വേണം സ്നാനമേൽക്കുവാൻ. എങ്കിലേ ദൈവത്തിന്റെ ആത്മാവു നിങ്ങൾക്കു ലഭിക്കയുള്ളൂ (പ്രവൃത്തി 19:1-8). ദൈവ കല്പനയെ മാറ്റുവാൻ ആർക്കും അധികാരമില്ല. അതു അങ്ങനെ തന്നെ ചെയ്യുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. നാം ചെയ്യുന്നത് ദൈവത്തെ പ്രസാദിപ്പിക്കാനും ദൈവം ഉദ്ദേശിച്ച ഫലം ലഭിക്കാനും ആണെങ്കിൽ ദൈവം അരുളിച്ചെയ്തതു അങ്ങനെ തന്നെ ചെയ്യണം. നിങ്ങൾ അങ്ങനെ ചെയ്താൽ നിങ്ങൾ വാസ്തവത്തിൽ ദൈവത്തിന്റെ മകൻ അഥവാ മകൾ എന്ന അവകാശത്തിലേക്കു മാറും.

✶

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!